# വ്യവസായ കേരളം

06

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 DECEMBER 2021


വ്യവസായ ജാലകം 04

## മാർജിൻ മണിഗ്രാന്റ് പദ്ധതി



### ചെറുകിട യൂണിറ്റുകൾക്ക് 4 ലക്ഷം രൂപവരെ ധനസഹായം

**സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ക് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകളാണ് ഈ ധനസഹായ പദ്ധതിയുടെ ഗുണഭോക്താക്കൾ.**

പ്രോജക്ക് ചെലവ് 10 ലക്ഷം രൂപ വരെയുള്ള ചെറുകിട യൂണിറ്റുകൾക്ക് വ്യവസായ വകുപ്പിന്റെ മാർജിൻമണി ഗ്രാന്റ് പദ്ധതി പ്രകാരം ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. പൊജക്ക് ചെലവിന്റെ 40 ശതമാനം പരമാവധി 4 ലക്ഷം രൂപവരെ സബ്സിഡിയായി ലഭിക്കും. സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ക് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകളാണ് ഈ ധനസഹായ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഉത്പാദന മേഖല, ഭക്ഷ്യസംസ്കരണ മേഖല, ജോബ് വർക്ക് മേഖല, മൂല്യ വർദ്ധനയുള്ള സേവനമേഖല എന്നിവയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്കാണ് പദ്ധതിയുടെ അർഹത.

പൊതു വിഭാഗത്തിനും പ്രത്യേക വിഭാഗത്തിനും രണ്ടു നിരക്കിലാണ് ഗ്രാന്റ് നൽകുന്നത്. പൊതുവിഭാഗത്തിന് പദ്ധതിച്ചെലവിന്റെ 30 ശതമാനം, പരമാവധി മൂന്ന് ലക്ഷം രൂപവരെ ഗ്രാന്റ് അനുവദിക്കുന്നു. ഇതിൽ 40 ശതമാനം വായ്പയും 30 ശതമാനം സംരംഭകന്റെ വിഹിതവും ആയിരിക്കണം. വനിതകൾ, പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾ, ഭിന്നശേഷിക്കാർ, വിമുക്തഭടന്മാർ, യുവജനങ്ങൾ (40 വയസ്സിൽ താഴെ) എന്നിവരാണ് പ്രത്യേക വിഭാഗം. ഇവർക്ക് പദ്ധതി ചെലവിന്റെ 40 ശതമാനം, പരമാവധി നാല് ലക്ഷം രൂപവരെ മാർജിൻ മണി ഗ്രാന്റ് അനുവദിക്കുന്നു. ഇക്കാര്യത്തിൽ സംരംഭകന്റെ വിഹിതം 20 ശതമാനം ആയിരുന്നാൽ മതി. പദ്ധതി തുകയുടെ 30 ശതമാനമെങ്കിലും വനിതാ സംരംഭങ്ങൾക്കായി മാറ്റിവയ്ക്കും.

ഈ പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖയും പദ്ധതിക്ക് ഓൺലൈനായി അപേക്ഷിക്കാനുള്ള വിവരങ്ങളും വ്യവസായ വാണിജ്യ ഡയറക്ട്രേറ്റിന്റെ http://www.industry.kerala.gov.in/index.php/schemes/margin-money-grant-to-nano-units എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
കൂടുതൽ വിശദാംശങ്ങൾ നേരിട്ട് ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവർക്ക് ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്.
വ്യവസായ വകുപ്പിന്റെ ജില്ലാ ഉദ്യോഗസ്ഥരുടെയും ഈ പദ്ധതി കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെയും ഓഫീസിലെയും ഫോൺ നമ്പർ മുകളിൽ സൂചിപ്പിച്ച വെബ്സൈറ്റിൽ ലഭ്യമാണ്. അല്ലെങ്കിൽ താലൂക്ക് വ്യവസായ ഓഫീസുകളിലുള്ള ഇൻഫർമേഷൻ ഓഫീസർമാരുമായും ബന്ധപ്പെടാവുന്നതാണ്.

## 18-ാം മത് കേരള ബാംബൂ ഫെസ്റ്റ് 2021

### ഡിസംബർ 19 മുതൽ 23 വരെ

മുളയുടെയും അനുബന്ധ ഉല്പന്നങ്ങളുടെയും പ്രദർശന വിപണന മേളയായ കേരള ബാംബൂ ഫെസ്റ്റിന്റെ പതിനെട്ടാമത് എഡിഷൻ 2021 ഡിസംബർ 19 മുതൽ 23 വരെ എറണാകുളം മറൈൻ ഡ്രൈവ് മൈതാനത്ത് സംഘടിപ്പിക്കുന്നു. കേരളത്തിലെ പരമ്പരാഗത മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനും ജീവിത നിലവാരം ഉയർത്തുന്നതിനും വേണ്ടി കേരള സ്റ്റേറ്റ് ബാംബൂ മിഷൻ (കെ.എസ്.ബി.എം), കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷൻ (കെ-ബിപ്), സംസ്ഥാന വ്യവസായവകുപ്പ് എന്നിവർ ചേർന്നാണ് കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിക്കുന്നത്. പ്രധാനമായും മുള കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല പ്രവർത്തകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ നേരിട്ട് വിപണിയിൽ എത്തിക്കുന്നതിന് വളരെ പ്രയോജനകരമായ അവസരമാണ് ബാംബൂ ഫെസ്റ്റിലൂടെ സാധ്യമാകുന്നത്. മുള ഉത്പന്ന നിർമാതാക്കൾ, കരകൗശല വിദഗ്ധർ, പൊതു, സ്വകാര്യ സ്ഥാപനങ്ങൾ, ഏജൻസികൾ തുടങ്ങി മുള ഉൽപന്ന മേഖലയുമായി ബന്ധപ്പെട്ട എല്ലാവരെയും സഹകരിപ്പിച്ചാണ് ബാംബൂ ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.

ഓഫീസ് സ്റ്റേഷനറി, ബാംബൂ ബ്ലൈൻഡ്സ്, അടുക്കള ഉപകരണങ്ങൾ, അലങ്കാര വസ്തുക്കൾ, ഇന്റീരിയർ ഡിസൈൻ, ബാംബൂ ഫർണിച്ചർ, കെട്ടിട നിർമാണ വസ്തുക്കൾ, ബാംബൂ സീഡ്ലിങ്സ് തുടങ്ങിയവ പ്രദർശനത്തിലുണ്ടാകും.
കോവിഡ് നിലനിൽക്കുന്നതിനാൽ മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്ഥമായി ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ളവരെ ഒഴിവാക്കി കേരളത്തിൽ നിന്നുള്ള കരകൗശല പ്രവർത്തകരെ മാത്രം ഉൾപ്പെടുത്തിയാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. പൂർണമായും കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.

## മലബാർ മേഖലയുടെ വ്യവസായ വികസനത്തിന് പുത്തൻ ഉണർവ്

# കെ.എസ്.ഐ.ഡി.സി.ക്ക് കോഴിക്കോടും ഓഫീസ്




തിരുവനന്തപുരം: മലബാർ മേഖലയുടെ വ്യവസായ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (കെ.എസ്.ഐ.ഡി.സി) കോഴിക്കോട് യു.എൽ സൈബർ പാർക്കിലെ പുതിയ ഓഫീസ് ഉദ്ഘാടനം 2021 നവംബർ 20 ന് നിയമ വ്യവസായ കയർ വകുപ്പു മന്ത്രി ശ്രീ. പി.രാജീവ് നിർവ്വഹിച്ചു. ബഹു. തുറമുഖം, പുരാവസ്തു വകുപ്പ് മന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കോഴിക്കോട് എം.പി. ശ്രീ. എം.കെ.രാഘവൻ, കോഴിക്കോട് മേയർ ഡോ.ബീന ഫിലിപ്പ്, കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ എം.ജി രാജമാണിക്യം ഐ.എ.എസ്, കോഴിക്കോട് നഗരസഭ കൗൺസിലർ ശ്രീമതി. സുജാത കൂടത്തിങ്കൽ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. നജീബ് പി.എ, കെ.എസ്.ഐ.ഡി.സി ജനറൽ മാനേജർ ശ്രീ. ജി. അശോക് ലാൽ എന്നിവർ പങ്കെടുത്തു. കേരളത്തിലെ ഇടത്തരം, വൻകിട യൂണിറ്റുകളുടെ പ്രോത്സാഹനത്തിനും വികസനത്തിനുമായി കെ.എസ്.ഐ.ഡി.സി പ്രവർത്തിക്കുന്നു. കേരളത്തിലെ ഐടി, ബയോടെക്നോളജി, ഹെൽത്ത്കെയർ, അഗ്രോ ഇൻഡസ്ട്രീസ്, ഫുഡ് പ്രോസസിംഗ് തുടങ്ങി നിരവധി മേഖലകളിലെ പ്രധാന സംരംഭങ്ങളിൽ നിർണായക പങ്ക് വഹിച്ചിട്ടുള്ള സ്ഥാപനമാണ് കെ.എസ്.ഐ.ഡി.സി. ബിസിനസ് ആശയങ്ങൾ പ്രായോഗിക പദ്ധതികളാക്കി വികസിപ്പിക്കുന്നതിനുള്ള പിന്തുണ നൽകുകയും സാധ്യതാ പഠനങ്ങൾ നടത്തുന്നതിനുള്ള സഹായം നൽകുകയും ചെയ്യുന്നതിനൊപ്പം വികസിത അടിസ്ഥാന സൗകര്യങ്ങളും സ്ഥാപനം നൽകുന്നുണ്ട്. തിരുവനന്തപുരത്തുള്ള ഹെഡ് ഓഫീസിന് പുറമേ നിലവിൽ എറണാകുളത്ത് മാത്രമായിരുന്നു കെ.എസ്.ഐ.ഡി.സിക്ക് ബ്രാഞ്ച് ഓഫീസ് ഉണ്ടായിരുന്നത്. മലബാർ മേഖലയുടെ വ്യവസായ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഊർജ്ജിതമാക്കുന്നതിനുമായി സ്ഥാപനത്തിന്റെ മൂന്നാമത്തെ ഓഫീസാണ് കോഴിക്കോട് പ്രവർത്തനമാരംഭിച്ചത്.

# എറണാകുളത്തെ വ്യവസായ വികസന സാധ്യതകൾ വിലയിരുത്തി

MEET THE MINISTER
Among entrepreneurs




എറണാകുളം ജില്ലയിലെ വ്യവസായ വികസന സാധ്യതകൾ വിലയിരുത്തുന്നതിനായി ജില്ലയിലെ എംഎൽഎമാരുടെ യോഗം തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ ചേർന്നു. മീറ്റ് ദ മിനിസ്റ്റർ' പരിപാടിയുടെ ഭാഗമായി എല്ലാ ജില്ലകളിലും എംഎൽഎമാരെ പ്രത്യേകം കാണുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ അവരുടെ പ്രധാന പ്രവർത്തന മേഖല വിട്ട് കരാറുകൾ എടുക്കുന്നത് സംബന്ധിച്ച പ്രശ്നം, പെട്രോകെമിക്കൽ പാർക്ക് സ്ഥലമേറ്റെടുക്കൽ വേഗത്തിലാക്കുന്നത് സംബന്ധിച്ച നടപടികൾ, എടവനക്കാട് ഇൻഡസ്ട്രിയൽ പോർട്ട് സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശം, ഹൈക്കോടതിക്ക് സമീപമുള്ള ടാറ്റാ കമ്പനിയുടെ സ്ഥലം വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് പ്രശ്നങ്ങൾ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് സംസ്ഥാന തലത്തിൽ ഉദ്യോഗസ്ഥനെ നിയമിക്കുന്നത് സംബന്ധിച്ച് പ്രശ്നം, ചെറുകിട വ്യവസായ മേഖലയിലെ സാധ്യതകൾ, മലബാർ സിമൻറ്സിന്റെ കൊച്ചി തുറമുഖത്തെ പുതിയ യൂണിറ്റ് എന്നിവയെല്ലാം ചർച്ചാ വിഷയമായി. എംഎൽഎമാർ ഉന്നയിച്ച വിഷയങ്ങൾ സജീവമായി പരിഗണിക്കുകയും തുടർനടപടികളിലേക്ക് കടക്കുകയും ചെയ്യും.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.